**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1202** **30.01.2018-ൽ മറുപടിയ്ക്ക്**

## നിലമ്പൂർ - മേപ്പാടി ഹിൽ ഹൈവേ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.വി.അൻവർ** | | **ശ്രീ.ജി.സുധാകരൻ** **(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തെ ഹിൽ ഹൈവേ പദ്ധതിയുടെ ഭാഗമായ നിലമ്പൂർ - മേപ്പാടി ഹിൽ ഹൈവേ പദ്ധതിയുടെ നിലവിലുള്ള നടപടിക്രമം ഏതുവരെയായി എന്ന് വിശദമാക്കാമോ; | (എ) | നിലമ്പൂർ മേപ്പാടി ഹിൽ ഹൈവേയുടെ ഭാഗമായി പൂക്കോട്ടുപാടം - തമ്പുരാട്ടിക്കല്ല് (മുണ്ടേരി സീഡ് ഫാംഗേറ്റ്) മുതൽ മേപ്പാടി വരെയുള്ള ഭാഗത്തിന്റെ വിശദമായ എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; വനത്തിലൂടെ കടന്ന് പോകുന്ന പ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിക്ക് വേണ്ടി പ്രത്യേകിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പൂക്കോട്ടുപാടം മുതൽ തമ്പുരാട്ടിക്കല്ല് വരെയുള്ള ഹിൽ ഹൈവേയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. തമ്പുരാട്ടിക്കല്ല്(സീഡ് ഫാം ഗേറ്റ്) മുതൽ മേപ്പാടി വരെയുള്ള ഭാഗം വനഭൂമിയാണ്. വനം വകുപ്പിൽ നിന്നും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത ഹിൽ ഹൈവേ തുടങ്ങുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ; കാലതാമസം ഒഴിവാക്കി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | സാമ്പത്തിക അനുമതി, സാങ്കേതിക അനുമതി, ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ